**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 444** **10-02-2025 - ൽ മറുപടിയ്ക്ക്**

**പദ്ധതികളിലെ കേന്ദ്ര സർക്കാർ വിഹിതം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് നടപ്പാക്കുന്ന കേന്ദ്ര പദ്ധതികളിലെ കേന്ദ്ര വിഹിതത്തിൽ കുടിശ്ശിക വരുത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (എ) | സംസ്ഥാനത്ത് നടപ്പാക്കുന്ന കേന്ദ്ര പദ്ധതികളിലെ കേന്ദ്ര വിഹിതത്തിൽ കുടിശ്ശിക വരുത്തിയിട്ടുള്ളതിന്റെ വിശദാംശങ്ങൾ വിവിധ സ്റ്റേറ്റ് നോഡൽ ഏജൻസികളിൽ നിന്നും ശേഖരിച്ചിട്ടുണ്ട്. ആയതിന്റെ വിശദാംശങ്ങൾ ചുവടെ കണ്ടാലും.<br><br>• **സ്റ്റേറ്റ് മിഷൻ മാനേജ്മെന്റ് യൂണിറ്റ് (അമൃത്) തദ്ദേശ സ്വയംഭരണ വകുപ്പ്**<br><br>അമൃത് 2.0-യുടെ 20% മൊബിലൈസേഷൻ അഡ്വാൻസ് തുകയായ 146.2277 കോടി രൂപ ലഭിച്ചിട്ടില്ല. (Tranche 2 = 48.1582 Cr. & Tranche 3 = 98.0695 Cr.)<br><br>• **പിന്നാക്ക വിഭാഗ വികസന വകുപ്പ്**<br><br>പിന്നാക്ക വിഭാഗ വികസന വകുപ്പ് മുഖേന നടപ്പിലാക്കുന്ന കേന്ദ്ര പദ്ധതികളിൽ നിലവിൽ കുടിശ്ശികയില്ല. എന്നാൽ 100% കേന്ദ്ര വിഹിതമുണ്ടായിരുന്ന ഒ.ബി.സി പോസ്റ്റ്മെട്രിക് പദ്ധതി 60% ആയി കേന്ദ്ര സർക്കാർ പുതുക്കി നിശ്ചയിച്ചിരിക്കുന്നു.<br><br>• **സമഗ്ര ശിക്ഷാ കേരളം (എസ്.എസ്.കെ)**<br><br>2023-24 വർഷം സമഗ്ര ശിക്ഷാ കേരളം പദ്ധതിയ്ക്ക് കേന്ദ്ര വിഹിതമായി ലഭിക്കേണ്ടിയിരുന്നത് 328.9 കോടി രൂപയായിരുന്നു. പ്രസ്തുത തുക നാല് ഗഡുക്കളായി ലഭിക്കുമെന്നാണ് അറിയിച്ചിരുന്നത്. എന്നാൽ കേന്ദ്ര വിഹിതമായി രണ്ട് ഗഡുക്കളായി ആകെ 141.06 കോടി രൂപ മാത്രമാണ് 2024 മാർച്ച് 31 ന മുമ്പ് ലഭിച്ചത്.<br><br>2023-24 ൽ ലഭിക്കേണ്ടിയിരുന്ന ബാക്കി തുക 2024 റീഇംമ്പേഴ്സ്മെന്റായി ലഭിക്കുന്നതിന് പ്രൊപ്പോസൽ തയ്യാറാക്കി കേന്ദ്രവിദ്യാഭ്യാസ മന്ത്രാലയത്തിന് സമർപ്പിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ കേരളത്തിന് മാത്രമായി നടത്തിയ സപ്ലിമെന്ററി PAB- മീറ്റിംഗിൽ 2023-24 വർഷത്തെ റീഇംബേഴ്സ്മെന്റായി 153.35 കോടി രൂപയുടെ ഔട്ട് ലേ അംഗീകരിക്കുകയും ചെയ്തു.<br><br>പ്രസ്തുത തുകയിൽ 92.01 കോടി രൂപ കേന്ദ്ര വിഹിതവും ബാക്കി 61.34 കോടി രൂപ സംസ്ഥാന വിഹിതവുമാണ്. സപ്ലിമെന്ററി PAB- യ്ക്ക് ശേഷം 2024-25 വർഷത്തെ പി.എ.ബി മിനിട്ട്സ് പുതുക്കുകയും പുതുക്കിയ പി.എ.ബി മിനിട്ട്സ് പ്രകാരം കേന്ദ്ര വിഹിതം 420.91 കോടി രൂപയായി വർദ്ധിപ്പിക്കുകയും ചെയ്തു. ഈ തുക നാല് ഗഡുക്കളായി നൽകുമെന്ന് അറിയിച്ചിരുന്നു. എന്നാൽ PMSHRI പദ്ധതിയുടെ ധാരണാ പത്രം (MoU) സംസ്ഥാന സർക്കാരിന്റെ പരിഗണനയിലാണ്. ഈ സാഹചര്യത്തിൽ, നാളിതുവരെയും കേന്ദ്ര വിഹിതം അനുവദിച്ചിട്ടില്ല.<br><br>സ്റ്റാർസ് പദ്ധതിക്ക് 2023-24 വർഷം കിട്ടേണ്ടിയിരുന്ന കേന്ദ്ര വിഹിതമായ 255.74 കോടിയിൽ 90.33 കോടി രൂപ മാത്രമേ ലഭിച്ചിട്ടുള്ളൂ. സ്റ്റാർസ് പദ്ധതിയ്ക്ക് 2024 -25 വർഷം കിട്ടേണ്ടിയിരുന്ന കേന്ദ്രവിഹിതമായ 346.08 കോടിയിൽ 80.74 കോടി രൂപ മാത്രമേ കിട്ടിയിട്ടുള്ളൂ.<br><br>• **പോലീസ് വകുപ്പ്** |

"**<u>അസ്സിസ്റ്റൻസ് ടു സ്റ്റേറ്റ്സ് /UTs ഫോർ മോഡേണൈസേഷൻ ഓഫ് പോലീസ്</u>**" എന്ന കേന്ദ്ര പദ്ധതിയുടെ 2024-2025 സാമ്പത്തിക വർഷത്തേക്ക് ഉള്ള നടത്തിപ്പിനായി കേന്ദ്ര വിഹിതമായ 2056.20 ലക്ഷം രൂപ കേന്ദ്ര വിഹിതമായും 1370.80 ലക്ഷംരൂപ സംസ്ഥാന സർക്കാർ വിഹിതമായും ഉൾപ്പടെ ആകെ 3427 ലക്ഷം രൂപയുടെ അനുമതി ലഭ്യമായിട്ടുള്ളതാണ്. എന്നാൽ, **മൂൻ വർഷങ്ങളിൽ ഈ സ്കീമിനായി അനുവദിച്ച തുകയിൽ ഇനിയും ചെലവഴിക്കാൻ ബാക്കി നിൽക്കുന്ന ആകെ തുക 12.5 % ത്തിൽ കൂടുതലായി അവശേഷിക്കുവാൻ പാടില്ല എന്ന മാനദണ്ഡം പാലിക്കുവാൻ സാധിച്ചിട്ടില്ലാത്തതിനാൽ** 2024-2025 വർഷത്തിൽ അനുവദിക്കപ്പെട്ട ടി തുക നാളിതു വരെ ലഭ്യമായിട്ടില്ലാത്തതാണ്.

<u>SIS 2017-18 - 2019-20</u>

എന്ന കേന്ദ്ര പദ്ധതിയുടെ 6 കോടി രൂപയുടെ ഭരണാനുമതി (60:40) ലഭിച്ചിരുന്നു. ആയതിൽ MHA ഓഡിറ്റ് പ്രകാരം 5,51,09,217 രൂപ ചെലവഴിച്ചതിനു കേന്ദ്രാനുമതി ലഭിച്ചു. ഇതിൽ കേന്ദ്ര വിഹിതത്തിന്റെ 90% തുകയായ 2,97,58,977 രൂപ കേന്ദ്രത്തിൽ നിന്നും ലഭിച്ചിട്ടുണ്ട്. ബാക്കി 10% തുകയായ 33,06,553 രൂപ ഓഡിറ്റ് സർട്ടിഫിക്കറ്റ് ലഭിക്കുന്ന മുറയ്ക്ക് അനുവദിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

- **<u>കേരള സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റി</u>**

ന്യൂ ഇന്ത്യ ലിറ്ററസി പദ്ധതിയ്ക്ക് 2022-23 ലെ കേന്ദ്രവിഹിതത്തിൽ 25% കുടിശ്ശികയുണ്ട്.

- **<u>പട്ടികജാതി വികസന വകുപ്പ് ഡയറക്ടറുടെ കാര്യാലയം</u>**

POA & PCR ACT എന്ന പദ്ധതിയിന്മേൽ 2022-23, 2023-24 എന്നീ വർഷങ്ങളിലായി 1854.26624 ലക്ഷം രൂപ കേന്ദ്ര സർക്കാരിൽ നിന്ന് കുടിശ്ശിക ഇനത്തിൽ ലഭ്യമാകാനുണ്ട്.

കേന്ദ്ര പദ്ധതിയായ PM- AJAY (Grants-in-aid components) പദ്ധതിയിൽ 2023-24 വർഷത്തെ കേന്ദ്ര വിഹിതം 11.28 കോടി രൂപയാണ്.അതിൽ 3.82 കോടി രൂപ കേന്ദ്രത്തിൽ നിന്നും അനുവദിച്ച് നൽകിയിട്ടുണ്ട്. ശേഷിക്കുന്ന 7.46 കോടി രൂപ കേന്ദ്രത്തിൽ നിന്നും ലഭ്യമാകാനുണ്ട്.

- **<u>പൊതുവിതരണ വകുപ്പിലെ കുടിശ്ശിക</u>**

1. NFSA പദ്ധതിയുടെ 2023-2024 വർഷത്തെ ഫൈനൽ സെറ്റിൽമെന്റ് ക്ലെയിമായി അനുവദിക്കേണ്ടത് 26.3296 കോടി രൂപ

2. PMGKAY പദ്ധതി പ്രകാരം പയർ വർഗ്ഗങ്ങൾ വിതരണം നടത്തിയതിന് 2020-2021 വർഷത്തെ 4.3856 കോടി രൂപ

3. End to End computerization പദ്ധതിയുടെ ഫൈനൽ സെറ്റിൽമെന്റ് ക്ലെയിമായി അനുവദിക്കേണ്ട 1.2174 കോടി രൂപ

4. IMPDS (Integrated Management of Public Distribution System) പദ്ധതിയുടെ നാലാം ഗഡുവായി അനുവദിക്കേണ്ട 0.2656 കോടി രൂപ

- **<u>മൃഗ സംരക്ഷണ വകുപ്പ്</u>**

1. **<u>LH & DC ASCAD - Compensation: KL345</u>**

2023-24 വർഷത്തിൽ 50:50 അനുപാതത്തിൽ കോമ്പൻസേഷൻ ഇനത്തിൽ 710.37 ലക്ഷം രൂപ കേന്ദ്രസർക്കാർ അംഗീകരിച്ചുത്തരവായെങ്കിലും 177.59 ലക്ഷം രൂപ മാത്രമാണ് പ്രസ്തുത വർഷത്തിൽ അനുവദിച്ചത്. ബാക്കി 532.78 ലക്ഷം രൂപയിൽ 153.22 ലക്ഷം രൂപ 2024-25 വർഷത്തിലെ ആദ്യ ഗഡുവായി അനുവദിച്ചു. രണ്ടാമത്തെ ഗഡുവായി 229.835 ലക്ഷം രൂപയും അനുവദിച്ചു. കേന്ദ്ര സർക്കാരിൽ നിന്നും ലഭ്യമാകാനുള്ള ബാക്കി തുക 149.725 ലക്ഷം രൂപയാണ്.

2. **<u>KL-286 ഇന്റഗ്രേറ്റഡ് സാമ്പിൾ സർവ്വേ</u>** ശമ്പള ഘടകം എന്ന കേന്ദ്രാവിഷ്കൃത പദ്ധതിയിൽ കേന്ദ്ര സർക്കാരിന്റെ മാർഗ്ഗ നിർദ്ദേശങ്ങൾക്കനുസരിച്ച് 50:50 എന്ന അനുപാതത്തിൽ കേന്ദ്ര സംസ്ഥാന സർക്കാരുകൾ ഫണ്ട് അനുവദിക്കുന്നു.

2014-15 സാമ്പത്തിക വർഷം മുതൽ 2023-24 സാമ്പത്തിക വർഷം വരെ ഇന്റഗ്രേറ്റഡ് സാമ്പിൾ സർവ്വേ സാലറി (50% CSS) ഘടകത്തിൽ കേന്ദ്ര സർക്കാരിൽ നിന്നും ലഭിക്കാനുള്ള കുടിശ്ശികയുടെ വിവരങ്ങൾ ചുവടെ നൽകിയിരിക്കുന്നു.

| ഇന്റഗ്രേറ്റഡ് സാമ്പിൾ സർവ്വേ സാലറി | | | | |
|---|---|---|---|---|
| സാലറി (ലക്ഷത്തിൽ) | | | | |
| **സാമ്പത്തിക വർഷം** | **ചെലവ്** | **കേന്ദ്ര വിഹിതം** | **ലഭിച്ച കേന്ദ്ര വിഹിതം** | **കേന്ദ്ര സർക്കാരിൽ നിന്നുള്ള കുടിശ്ശിക** |
| 2014-15 | 188.18 | 94.09 | 46.24 | 47.85 |
| 2015-16 | 204.76 | 102.38 | 0 | 102.38 |
| 2016-17 | 258.8 | 129.4 | 98 | 31.4 |
| 2017-18 | 274.4 | 137.2 | 95 | 42.2 |
| 2018-19 | 273.78 | 136.89 | 97.35 | 39.54 |
| 2019-20 | 287.54 | 143.77 | 85 | 58.77 |
| 2020-21 | 303.84 | 151.92 | 99.5 | 52.42 |
| 2021-22 | 411.66 | 205.83 | 182.29 | 23.54 |
| 2022-23 | 353.29 | 176.645 | 87 | 89.645 |
| 2023-24 | 375.68 | 187.84 | 88 | 99.84 |
| **Total** | **2931.93** | **1465.965** | **878.38** | **587.585** |

**3. <u>KL-285 ലൈവ്സ്റ്റോക്ക് സെൻസസ് (100% CSS)</u>**

ഇരുപതാം ലൈവ്സ്റ്റോക്ക് സെൻസസിന്റെ ഫീൽഡ് തല പ്രവർത്തനങ്ങളിൽ ഏർപ്പെട്ട സൂപ്പർവൈസർമാർ, എന്യൂമറേറ്റർ എന്നിവർക്കുള്ള ഹോണറേറിയം, പ്രിന്റിങ് & സ്റ്റേഷനറി ചാർജസ് എന്നീ ഇനങ്ങളിൽ കേന്ദ്ര സർക്കാരിൽ നിന്നും ലഭ്യമാകാനുള്ള തുകയുടെ വിവരങ്ങൾ ചുവടെ നൽകിയിരിക്കുന്നു.

| എന്യൂമറേറ്റർമാർക്കും സൂപ്പർവൈസർമാർക്കുമുള്ള ഹോണറേറിയം | പ്രിന്റിങ് & സ്റ്റേഷനറി ചാർജസ് | ആകെ (ലക്ഷത്തിൽ) |
|---|---|---|
| 44.7153 | 20 | 64.7153 |

- **<u>മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി</u>**

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാരിൽ നിന്നും ലഭ്യമാകേണ്ടത് അവിദഗ്ധ വേതനം 100% കേന്ദ്ര വിഹിതം). മെറ്റീരിയൽ (75% കേന്ദ്ര വിഹിതം), ഭരണ ചെലവ് (100% കേന്ദ്ര വിഹിതം) എന്നീ ഇനങ്ങളിലാണ്. അവിദഗ്ധ

വേതന ഇനത്തിൽ 12201.3 ലക്ഷം രൂപയും, ഭരണ ചെലവ് ഇനത്തിൽ 11073.25 ലക്ഷം രൂപയും, 03.02.2025 തീയതിയിലെ കണക്ക് പ്രകാരം കേന്ദ്രസർക്കാരിൽ നിന്ന് കുടിശ്ശിക ആയി ലഭിക്കാനുണ്ട്.

- **തദ്ദേശ സ്വയം ഭരണ വകുപ്പ്**

സാമൂഹ്യ സുരക്ഷാ പെൻഷൻ ഇനത്തിൽ 2023-24 സാമ്പത്തിക വർഷത്തിലെ 158,70,16,472/- രൂപയും 2024-25 സാമ്പത്തിക വർഷത്തിലെ ($1^{st}$ quarter) 10,51,53,627/- രൂപയും ഉൾപ്പെടെ ആകെ 1,69,21,70,099/- രൂപ കേന്ദ്രത്തിൽ നിന്ന് കുടിശ്ശിക ഇനത്തിൽ ലഭിക്കാനുണ്ട്.

- **സാമ്പത്തിക സ്ഥിതിവിവര കണക്ക് വകുപ്പ്**

സാമ്പത്തിക സ്ഥിതിവിവര കണക്ക് വകുപ്പിൽ 100 % കേന്ദ്ര സഹായത്തോടു കൂടി നടപ്പാക്കുന്ന പദ്ധതികളായ സെൻട്രലി സ്പോൺസേർഡ് സ്കീം (CSS) മുഖേന നടപ്പിലാക്കുന്ന (EARAS, RMIS, കൃഷി സെൻസസ്, ഇക്കണോമിക് സെൻസസ്) എന്നിങ്ങനെ 4 കേന്ദ്രാവിഷ്കൃത പദ്ധതികളാണ് നിലവിലുള്ളത്. ഇതിൽ കൃഷി സെൻസസ്, ഇക്കണോമിക് സെൻസസ് എന്ന സ്കീമുകളിൽ കേന്ദ്രവിഹിതത്തിൽ കുടിശ്ശിക വരുത്തിയിട്ടില്ല.

എന്നാൽ, ആറാമത് മൈനർ ഇറിഗേഷൻ സെൻസസിന് 6,15,410/- രൂപ കുടിശ്ശികയാണ്. പ്രസ്തുത തുക ഏഴാമത് മൈനർ ഇറിഗേഷൻ സെൻസസിന്റെ ഫണ്ട് അനുവദിക്കുന്നതിനോടൊപ്പം ലഭ്യമാകേണ്ടതാണ്.

EARAS സ്കീമിൽ റീഇമ്പേഴ്സ്മെന്റ് രീതിയാണ് നടപ്പിലാക്കിയിട്ടുള്ളത്. 2021-22, 2022-23 സാമ്പത്തിക വർഷങ്ങളിൽ യഥാക്രമം 56.83, 50.48 കോടി രൂപയായിരുന്നു ഈ സ്കീമിൽ ചെലവായത്. 2023-24 സാമ്പത്തിക വർഷത്തിൽ കേന്ദ്രം 36 കോടി രൂപയുടെ മാത്രം ഭരണാനുമതി ലഭ്യമാക്കുകയും, 40 കോടി രൂപ അനുവദിക്കുകയുമാണ് ചെയ്തത്. എന്നാൽ, 2023-24 സാമ്പത്തിക വർഷം പദ്ധതി ചെലവ് 54.67 കോടി രൂപയായിരുന്നു. 2023-24 വർഷം സംസ്ഥാനം ചെലവഴിച്ച തുകയിൽ 14.67 കോടി രൂപയും, മുൻവർഷങ്ങളിലെ കുടിശ്ശിക തുകയും ചേർത്ത് ആകെ 26.89 കോടി രൂപയാണ് കേന്ദ്രത്തിൽ നിന്നും ലഭിക്കാനുള്ളത്.

**വനം വകുപ്പാസ്ഥാനം**

കേന്ദ്ര വിഹിതം ലഭിക്കുന്നതിൽ വന്ന കുടിശ്ശിക സംബന്ധിച്ച വിശദാംശങ്ങൾ **അനുബന്ധം I-ൽ ചേർത്തിരിക്കുന്നു.**

**വനിത-ശിശു വികസന വകുപ്പ്**

- **സ്റ്റേറ്റ് നിർഭയ സെൽ**

2023-24 സാമ്പത്തിക വർഷത്തിലെ ജനുവരി, ഫെബ്രുവരി മാസത്തേയ്ക്കുള്ള വൺസ്റ്റോപ്പ് സെന്ററിലെ ജീവനക്കാരുടെ ശമ്പളം ഉൾപ്പടെ റെക്കറിംഗ് ഗ്രാന്റിനത്തിൽ ലഭിക്കുവാനുള്ള അരിയർ തുകയായ 77,22,400/- രൂപ 2024-25 സാമ്പത്തിക വർഷത്തിലെ പി.എ.ബി. പ്രൊപ്പോസൽ മുഖേന കേന്ദ്രസർക്കാരിലേക്ക് സമർപ്പിച്ചിട്ടുണ്ടെങ്കിലും നാളിതുവരെ ടി തുക ലഭ്യമായിട്ടില്ല.

- **പോഷൺ അഭിയാൻ:**

പോഷൻ അഭിയാൻ 2.0 മാർഗ്ഗനിർദ്ദേശ പ്രകാരം പദ്ധതിയുടെ നിർവഹണ തുക കേന്ദ്ര സംസ്ഥാന സർക്കാർ 60:40 അനുപാതത്തിലാണ്. പദ്ധതിയുടെ നടത്തിപ്പിനായി കേന്ദ്രസർക്കാരിൽ നിന്നും CD-14/12/2023-CD-e 1056674 dated : 01.08.2023 പ്രകാരം 2023-2024 സാമ്പത്തിക വർഷത്തെ APIP ൽ 89.79 കോടി രൂപയുടെ അംഗീകാരം ലഭിച്ചിട്ടുണ്ടെങ്കിലും ടി തുക കേന്ദ്ര സർക്കാരിൽ നിന്നും റിലീസ് ലഭ്യമായിട്ടില്ല. 2024-2025 സാമ്പത്തിക വർഷത്തെ APIP ൽ 51.91 കോടി രൂപയുടെ അംഗീകാരം ലഭിച്ചതിൽ

ഒന്നാമത്തെയും രണ്ടാമത്തെയും ഗഡു കേന്ദ്ര വിഹിതമായ 45,64,99,000/- രൂപ PA/125/2023-CPMU (e-106403) dated 28/09/2024 ലഭിച്ചിട്ടുണ്ട്.

- **<u>അങ്കണവാടി സർവ്വീസസ് (ജനറൽ)</u>**

കേന്ദ്രാവിഷ്കൃത പദ്ധതിയായ അങ്കണവാടി സർവ്വീസസ് (ജനറൽ) പദ്ധതിയിലെ അങ്കണവാടി വർക്കർ/ഹെൽപ്പർ ഹോണറേറിയം ഇനത്തിൽ 2023-24 വർഷം സംസ്ഥാനം ചെലവഴിച്ച തുകയിൽ 11526.74 ലക്ഷം രൂപ കേന്ദ്രവിഹിതമായി ലഭ്യമാകാനുണ്ട്.

- **<u>അനുപൂരക പോഷകാഹാര പദ്ധതി</u>**

കേന്ദ്രാവിഷ്കൃത പദ്ധതിയായ അനുപൂരക പോഷകാഹാര പദ്ധതിയ്ക്ക് 2024-25 സാമ്പത്തിക വർഷം ഒന്നാം ഗഡു കേന്ദ്രവിഹിതം കേന്ദ്രസർക്കാരിൽ നിന്നും ലഭ്യമായിട്ടുണ്ട്. ഒന്നാം ഗഡുവായി ലഭ്യമായ തുകയുടെ 75% ചെലവഴിക്കുന്ന മുറയ്ക്ക് മാത്രമേ രണ്ടാം ഗഡു ലഭ്യമാവുകയുള്ളൂ എന്ന് കേന്ദ്ര ഗവൺമെൻറ് നിഷ്കർഷിച്ചിട്ടുണ്ട്.

- **<u>ഐ.സി.പി.എസ്</u>**

വകുപ്പിന് കീഴിൽ 60:40 എന്ന അനുപാതത്തിൽ നടപ്പിലാക്കുന്ന മിഷൻ വാത്സല്യ പദ്ധതിയുടെ നടത്തിപ്പിനായി 2023-24 സാമ്പത്തിക വർഷം വരെ കേന്ദ്രവിഹിതം പൂർണ്ണമായും അനുവദിച്ച നൽകിയിട്ടുണ്ട്. കേന്ദ്രസർക്കാർ ഓരോ സാമ്പത്തിക വർഷവും ഫണ്ട് അനുവദിക്കണമെങ്കിൽ SNA അക്കൗണ്ടിൽ ഒരു സാമ്പത്തിക വർഷത്തിൽ കേന്ദ്രം അനുവദിക്കുന്ന തുകയും, ആനുപാതിക സംസ്ഥാന വിഹിതവും ചേർന്ന ബാലൻസ് തുക സംസ്ഥാനത്തിനു ഒന്നാം ഗഡുവായി ലഭിക്കേണ്ട തുകയുടെ 25 ശതമാനത്തിനേക്കാൾ കൂടുതലാകാൻ പാടില്ല എന്ന് 05.06.2023 ലെ കേന്ദ്രസർക്കാർ OM No.1/(08)-PFMS/2023 ൽ നിഷ്കർഷിക്കുന്നു. 2024-25 സാമ്പത്തിക വർഷത്തിൽ മിഷൻ വാത്സല്യ പദ്ധതിയ്ക്കായി 32 കോടി രൂപ വരെ കേന്ദ്രസർക്കാരിൽ നിന്നും ലഭിക്കേണ്ടതുണ്ട്. നിലവിൽ മുൻവർഷം അനുവദിച്ച തുകയിൽ 7.5 കോടി രൂപ മാത്രമേ നീക്കിയിരിപ്പുള്ളുവെങ്കിലും നടപ്പ് സാമ്പത്തിക വർഷം കേന്ദ്രവിഹിതം അനുവദിച്ച നൽകിയിട്ടില്ല.

- **<u>വിമൺ ഹെൽപ്പ് ലൈൻ പദ്ധതി</u>**

കേന്ദ്രാവിഷ്കൃത പദ്ധതിയായ മിഷൻശക്തി പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി 100% കേന്ദ്രാവിഷ്കൃത പദ്ധതിയായ വിമൺ ഹെൽപ്പ് ലൈൻ പദ്ധതി നടപ്പിലാക്കിയതിൽ 2023-24 വർഷം 41,40,000/- രൂപയും 2024-25 വർഷം 27,60,000- രൂപയും ഉൾപ്പെടെ ആകെ 69,00,000/- രൂപ കേന്ദ്രസർക്കാരിൽ കുടിശ്ശികയുണ്ട്.

- **<u>സഖിനിവാസ് പദ്ധതി</u>**

2024-25 വർഷം 6,48,47,200/- രൂപ കേന്ദ്രവിഹിത ഇനത്തിൽ കേന്ദ്രസർക്കാരിൽ കുടിശ്ശികയുണ്ട്.

- **<u>PALNA (മുൻപ് നാഷണൽ ക്രഷ് സ്കീം)</u>**

കേന്ദ്രാവിഷ്കൃത പദ്ധതിയായ **<u>PALNA (മുൻപ് നാഷണൽ ക്രഷ് സ്കീം)</u>** സ്കീമിന്റെ ഭാഗമായി പ്രവർത്തിക്കുന്ന ക്രഷുകൾക്ക് 60:40 എന്ന അനുപാതത്തിൽ കേന്ദ്ര സംസ്ഥാന സർക്കാർ ഗ്രാൻറ് അനുവദിച്ചുവരുന്നു. നിലവിൽ NGO യുടെ സഹകരണത്തോടെ നടപ്പിലാക്കിവരുന്ന പ്രസ്തുത പദ്ധതിയിൽ ഉൾപ്പെട്ട ക്രഷുകൾക്ക് ആവശ്യമായ ചെലവ് തുക NGOവഹിക്കുകയും പിന്നീട് സർക്കാരിൽ നിന്നും റീഇമ്പേഴ്സ് ചെയ്ത് നൽകുകയുമാണ് ചെയ്തുവരുന്നത്. ഈ ഇനത്തിൽ 2022-23 വർഷം 97,71,990/- രൂപയും 2023-24 വർഷം 2,86,02,796/- രൂപയും ഉൾപ്പെടെ ആകെ 3,83,74,786/- രൂപ കേന്ദ്ര സർക്കാരിൽ കുടിശ്ശികയുണ്ട്.

- **<u>സ്കീം ഫോർ അഡോളസെന്റ് ഗേൾസ് പദ്ധതി</u>**

| | | | |
|---|---|---|---|
| | | | കേന്ദ്രാവിഷ്കൃത പദ്ധതിയായ സ്കീം ഫോർ അഡോളസെന്റ് ഗേൾസ് പദ്ധതിയ്ക്കായി 2021-22 സാമ്പത്തിക വർഷം വരെ 24.5 ലക്ഷം രൂപ കുടിശ്ശിക ഇനത്തിൽ കേന്ദ്രസർക്കാരിൽ നിന്നും ലഭിക്കാനുണ്ട്.<br><br>• **<u>ഉന്നതവിദ്യാഭ്യാസ വകുപ്പ്</u>**<br><br>**Rashtriya Uchathar Shiksha Abhiyan (RUSA)**<br><br>കേന്ദ്രാവിഷ്കൃത പദ്ധതിയായ റൂസയുടെ 1.0-നും 2.0-നുമായി (എം.എം. ഇ.ആർ കംപോണന്റിലെ തുക സഹിതം) 565.60 കോടി രൂപയ്ക്ക് അനുമതി ലഭിച്ചിട്ടുണ്ട്.<br><br>റൂസ പദ്ധതിയ്ക്കായി ലഭിക്കേണ്ടുന്ന കേന്ദ്ര വിഹിതം (60 ശതമാനം) 341.60 കോടി രൂപയാണ്. ഇതിൽ 64.63 കോടി രൂപ കൂടി കേന്ദ്രം അനുവദിക്കാനുണ്ട്.<br><br>കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയത്തിന്റെ കീഴിലുള്ള പ്രോജക്ട് അപ്രൂവൽ ബോർഡ് (PAB) ന്റെ 09.12.2024ലെ അംഗീകാരത്തിന്റെ അടിസ്ഥാനത്തിൽ പി.എം.ഉഷ പദ്ധതിയ്ക്കായി എം.എം.ഇ.ആർ വിഹിതം (1 ശതമാനം) ഉൾപ്പെടെ 409.04 കോടി രൂപ കൂടി അനുവദിച്ചിട്ടുണ്ട്.<br><br>പി.എം ഉഷ പദ്ധതിയ്ക്കായി ലഭിക്കേണ്ടുന്ന കേന്ദ്ര വിഹിതം 247.04 (1% എം.എം.ഇ.ആർ ഉൾപ്പെടെ ) കോടി രൂപയാണ്.<br><br>• **<u>ട്രെയിനിംഗ് ഡയറക്ടറേറ്റ് – തൊഴിൽ വകുപ്പ്</u>**<br><br>100% കേന്ദ്ര ഫണ്ട് ഉപയോഗിച്ച് വ്യാവസായിക പരിശീലന വകുപ്പ് മുഖേന നടപ്പിലാക്കുന്ന നാഷണൽ അപ്രന്റിസ്ഷിപ്പ് പ്രൊമോഷൻ (NAPS) പദ്ധതിയിൽ 3.13 കോടി രൂപ കേന്ദ്ര വിഹിതത്തിൽ കുടിശിക ഇനത്തിൽ ലഭിക്കാനുണ്ട്.<br><br>• **<u>ആരോഗ്യ വകുപ്പ്</u>**<br><br>**സ്റ്റേറ്റ് പ്രോഗ്രാം മോണിട്ടറിംഗ് സപ്പോർട്ട് യൂണിറ്റ്**<br><br>2023-24 സാമ്പത്തിക വർഷം കേന്ദ്രം നിഷ്കർഷിച്ച പ്രകാരം ബ്രാന്റിംഗ് പൂർത്തിയാക്കാത്തതിനാൽ സംസ്ഥാനത്തിന് ലഭിക്കേണ്ട 358.61 കോടി ക്യാഷ് ഗ്രാന്റും റീഇമ്പേഴ്സ്മെന്റ് ഇനത്തിൽ നൽകേണ്ട 278.27 കോടി രൂപയും 2023-24-ൽ അനുവദിച്ചിട്ടില്ല. റീഇമ്പേഴ്സ്മെന്റ് ഇനത്തിൽ മുൻ വർഷങ്ങളിൽ കുടിശ്ശികയായ 291.26 കോടി രൂപ 2024-25 ൽ കേന്ദ്ര സർക്കാർ അനുവദിച്ചിട്ടുണ്ട്.<br><br>• **<u>ചീഫ് എഞ്ചിനീയറുടെ കാര്യാലയം (ജലസേചനം ഭരണം)</u>**<br><br>കുടിശ്ശിക വിവരങ്ങൾ -<br><br>2023-24 സാമ്പത്തിക വർഷം - 1,28,09,854/- രൂപ<br><br>2024-25 സാമ്പത്തിക വർഷം – 91,40,987.50/- രൂപ |
| (ബി) | സംസ്ഥാന വിഹിതം നാല്പത് ശതമാനമോ അതിലധികമോ ഉള്ള പദ്ധതികൾ കേന്ദ്രം നിർദേശിക്കുന്ന പേരുകളിൽ നടത്തുന്നതിനായി ഇത്തരം പദ്ധതികൾക്ക് അർഹമായ ഗ്രാന്റുകളും വിഹിതവും നൽകുന്നതിൽ കേന്ദ്ര | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കേന്ദ്രാവിഷ്കൃത പദ്ധതികളിൽ കേന്ദ്രസർക്കാർ അനുശാസിക്കുന്ന Branding/naming കാരണമുയർത്തി NHM പദ്ധതിയ്ക്ക് 2023-24 സാമ്പത്തിക വർഷം ലഭ്യമാകേണ്ട 636.88 കോടി രൂപ കേന്ദ്ര വിഹിതം കേന്ദ്ര സർക്കാർ അനുവദിച്ചിരുന്നില്ല. എന്നാൽ, NHM പദ്ധതിയ്ക്കായി കേന്ദ്രസർക്കാർ അനുശാസിക്കുന്ന Branding/naming മാർഗ്ഗനിർദ്ദേശങ്ങൾ നടപ്പിലാക്കിവരുന്ന സാഹചര്യത്തിൽ, നടപ്പ സാമ്പത്തിക വർഷത്തിൽ കേന്ദ്ര സർക്കാർ ടി പദ്ധതിയ്ക്കായി നാളിതുവരെ ആകെ 347.03 കോടി രൂപ അനുവദിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | സർക്കാർ മനഃപൂർവ്വമായ വീഴ്ച വരുത്തുന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ

# അനുബന്ധം

*(രൂപ ലക്ഷത്തിൽ)*

| ക്രമ നമ്പർ | കേന്ദ്രാവിഷ്കൃത പദ്ധതിയുടെ പേര് | APO അംഗീകരിച്ച വർഷം | ആകെ ആംഗീകൃത തുക | തൻവർഷം ആകെ കേന്ദ്രവിഹിതമായി ലഭിക്കേണ്ടിയിരുന്ന തുക | കേന്ദ്ര വിഹിതം അനുവദിച്ചത് | അർഹമായ കേന്ദ്രവിഹിതത്തിൽ ബാക്കി ലഭിക്കേണ്ടിയിരുന്ന തുക | റിമാർക്സ് |
|---|---|---|---|---|---|---|---|
| 1 | ഗ്രീൻ ഇന്ത്യ മിഷൻ (GIM) (60:40 CSS) | 2019-20 | 3885.27 | 2331.162 | 1631.814 | 699.348 | 2019-20 സാമ്പത്തിക വർഷത്തിൽ GIM പദ്ധതി നടപ്പാക്കുന്നതിനായി 3885.27 ലക്ഷം രൂപ അടങ്കൽ തുകയ്ക്ക് അംഗീകരിച്ച APO-യിൻ കീഴിൽ 60% കേന്ദ്രവിഹിതത്തിന്റെ 70% തുകയായ 1631.814 ലക്ഷം രൂപ സംസ്ഥാനത്തിന് ലഭിച്ചിരുന്നു. ടി APO- യ്ക്ക് കീഴിൽ ലഭിക്കേണ്ടിയിരുന്ന ബാലൻസ് തുകയായ 699.348 ലക്ഷം രൂപ കേന്ദ്ര സർക്കാരിൽ നിന്നും ടി സാമ്പത്തിക വർഷം ലഭിച്ചിട്ടില്ല. |
| 2 | VDVK (100% CSS) | 2021-22 | 402.25 | 402.25 | 201.125 | 201.125 | VDVK-പദ്ധതി നടത്തിപ്പിനായി 2021-22 സാമ്പത്തിക വർഷത്തിൽ അംഗീകരിച്ച APO-യുടെ ആകെ അടങ്കൽ തുക 402.25 ലക്ഷം രൂപയാണ്. 100% കേന്ദ്ര വിഹിതത്തോടെയുള്ള ഈ പദ്ധതിയിൻ കീഴിൽ ടി വർഷം ഒന്നാം ഗഡുവായി ആകെ അടങ്കൽ തുകയുടെ 50% തുകയായ 201.125 ലക്ഷം രൂപ മാത്രമാണ് സ്ഥാനത്തിന് ലഭിച്ചത്. ടി APO-യ്ക്ക് കീഴിൽ ലഭിക്കേണ്ടിയിരുന്ന ബാലൻസ് തുകയായ 201.125 ലക്ഷം രൂപ കേന്ദ്ര സർക്കാരിൽ നിന്ന് ടി സാമ്പത്തിക വർഷം ലഭിച്ചിട്ടില്ല. |
| 3 | നഗർ വൻ യോജന (100% CSS) | 2021-22 | 1507.54 | 1507.54 | 1055.27 | 452.27 | നഗർ വൻ യോജന പദ്ധതി നടത്തിപ്പിനായി 2021-22 സാമ്പത്തിക വർഷത്തിൽ അംഗീകരിച്ച APO-യുടെ ആകെ അടങ്കൽ തുക 1507.54 ലക്ഷം രൂപയാണ്. 100% കേന്ദ്ര വിഹിതത്തോടെയുള്ള ഈ പദ്ധതിയിയുടെ കീഴിൽ ടി വർഷം ഒന്നാം ഗഡുവായി 1055.27 ലക്ഷം രൂപയാണ് |

ധനകാര്യവകുപ്പ്

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | | | | സ്ഥാനത്തിന് ലഭിച്ചത്. ടി APO-യ്ക്ക് കീഴിൽ ലഭിക്കേണ്ടിയിരുന്ന ബാലൻസ് തുകയായ 452.27 ലക്ഷം രൂപ കേന്ദ്ര സർക്കാരിൽ നിന്ന് ടി സാമ്പത്തിക വർഷം ലഭിച്ചിട്ടില്ല. |
| 4 | സ്കൂൾ നഴ്സറി യോജന (100% CSS) | 2022-23 | 47.00 | 47.00 | 32.90 | 14.10 | സ്കൂൾ നഴ്സറി യോജന പദ്ധതി നടത്തിപ്പിനായി 2022-23 സാമ്പത്തിക വർഷത്തിൽ അംഗീകരിച്ച APO-യുടെ ആകെ അടങ്കൽ തുകയായ 47.00 ലക്ഷം രൂപയിൽ 32.90 ലക്ഷം രൂപയാണ് കേന്ദ്ര സർക്കാരിൽ നിന്നും ലഭിച്ചത്. 100% കേന്ദ്ര വിഹിതത്തോടെയുള്ള ഈ പദ്ധതിയിൻ കീഴിൽ മേൽ സാമ്പത്തിക വർഷത്തിൽ ആകെ ലഭിക്കേണ്ടിയിരുന്നതിൽ 14.10 ലക്ഷം രൂപ കേന്ദ്ര സർക്കാരിൽ നിന്നും ലഭിച്ചിട്ടില്ല. |

അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ
(ഫിനാൻസ്, ബഡ്ജറ്റ് & ഓഡിറ്റ്)